മത്തായി 8, 23-34 യേശുവിനോടൊപ്പം തോണിയിൽ കയറിയപ്പോൾ

യേശു തോണിയിൽ കയറിയപ്പോൾ ശിഷ്യന്മാർ അവനെ അനുഗമിച്ചു (8,23). യേശു വിനോടൊപ്പം യാത്രചെയ്യുന്ന ശിഷ്യന്മാരുടെ ജീവിതത്തിലേക്ക് പിന്നീട് കടന്നുവരുന്നത് വലിയ അപകടങ്ങളും വേദനകളുമൊക്കെയാണ്. കടലിന്റെ നടുക്കുവച്ച് ഉഗ്രമായ കൊടു ക്കാറ്റുായി. പിന്നീട് തോണിമുങ്ങുമാറ് തിരമാലകളുയർന്നു. ക്രിസ്തുശിഷ്യരുടെ ജീവിത ത്തിലുാകാവുന്ന സംഭവികാസങ്ങളാണിവ. നാം ദൈവഹിതപ്രകാരമാണ് ജീവിക്കുന്ന തെങ്കിൽ, ക്രിസ്തുവിനെയാണ് നാം അനുധാവനം ചെയ്യുന്നതെങ്കിൽ അവരുടെ ജീവിതത്തി ലേക്ക് ശിഷ്യന്മാരുടെ ജീവിതത്തിലെന്നതുപോലെ കൊടുങ്കാറ്റിന്റെയും, തിരമാലകളുടെയും പോലെയുള്ള അനുഭവങ്ങളുാകാം എന്നതാണ് സത്യം. അതുകൊാണ് വചനം പറ യുക യേശുക്രിസ്തുവുമായി ഐക്യപ്പെട്ട് വിശുദ്ധജീവിതം നയിക്കുന്നവരെല്ലാം പീഡിപ്പി ക്കപ്പെടുമെന്ന് (2തിമോത്തി 3, 12).

യേശു ശിഷ്യന്മാരെ വലിയൊരു സത്യം പഠിപ്പിക്കുകയാണ് ഈ സംഭവത്തിലൂടെ. ക്രിസ്തുവിനുശേഷം ക്രിസ്തുവിനുവേി സഭയാകുന്ന തോണിയിൽക്കയറി ദൈവജനത്തെ മറുകരെയെത്തിക്കേത് ശിഷ്യന്മാരാണ്..അല്ലെങ്കിൽ അവരുടെ പിൻഗാമികളാണ്. ക്രിസ്തു വിനോടൊത്ത്, സഭയോട് ചേർന്ന് നിന്ന് യാത്രചെയ്യുമ്പോൾ നമ്മെ നശിപ്പിക്കുവാൻ ഒരു പക്ഷെ കൊടുങ്കാറ്റാഞ്ഞടിച്ചേക്കാം.. കഴുത്തൊപ്പം തിരമാലകളുയർന്നേക്കാം... അപകടകാ രികളായ പിശാചുക്കൾ നമ്മെ പരീക്ഷിച്ചേക്കാം പക്ഷെ ക്രിസ്തു എന്നോടൊപ്പം എന്റെ ജീവിതയാത്രയിലുന്നെ വിശ്വാസമുങ്കെിൽ ഒന്നും നമ്മെ തളർത്തുകയില്ല. യോഹന്നാൻ 11, 40 ൽ ഈശോ മർത്തായോട് പറയുന്നത് വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്ന്. സഹനത്തിലും വേദനകളിലും, നൊമ്പരങ്ങളിലും കർത്താവിൽ വിശ്വസിച്ച് മുന്നോട്ട് പോകു ന്നവനാണ് ദൈവമഹത്വം ദർശിക്കുക, അത്ഭുതങ്ങൾ ജീവിതത്തിൽ കാണുക.

ദൈവഹിതപ്രകാരം ജീവിക്കുന്നവന്റെ ജീവിതത്തിൽ സഹനങ്ങളും വേദനകളും എത്ര യൊക്കെയുങ്കെിലും എന്റെ ഹൃദയത്തിന്റെ അമരത്ത് തലചായ്ച്ചുറങ്ങുന്ന യേശു എന്നോ ടൊപ്പമുന്നെും അവന് കടലിനെയും കാറ്റിനെയും ശാന്തമാക്കാൻ കഴിവുള്ളവനാണെന്നും നാം തിരിച്ചറിയണം. ഇവിടെയാണ് ശിഷ്യന്മാർ പരാജയപ്പെടുന്നതും. ജീവിക്കുന്ന ദൈവപു ത്രനെ തിരിച്ചറിയുവാൻ അവർക്കായില്ല. അതുകൊവർ ഭയന്ന് നിലവിളിക്കുകയാണ്.... വിശ്വാസമില്ലാത്തവരെപ്പോലെ. 1യോഹ. 4, 4 പറയുന്നു നിങ്ങളുടെ ഉള്ളുലുള്ളവൻ ലോക ത്തിലുള്ളവനെക്കാൾ ശക്തനാണ്. പിശാചിനെയും, പാപത്തെയും, മരണത്തെയും, ലോക ത്തെയും കീഴ്പ്പെടുത്തിയവനാണ് ക്രിസ്തു. അവൻ കൂടെയുള്ളപ്പോൾ നാം എന്തിന് ഭയക്ക ണം. ക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് എന്തൊക്കെതന്നെ അവരുടെ ജീവിതത്തിൽ സംഭവിച്ചാലും അതൊന്നും അവനെ നശിപ്പിക്കില്ല. അതുകൊാണ് സംഖ്യയുടെ പുസ്തകം 23, 23 പറയുക യാക്കോബിന് ആഭിചാരം ഏൽക്കുകയില്ല ഇസ്രായേലിനെതിരെ ക്ഷുദ്രവിദ്യ ഫലിക്കുകയില്ലയെന്ന്.

വിശ്വാസിയുടെ ജീവിതം ശക്തമായ തിരമാലകളുടെ നടുവിലൂടെ മുന്നോട്ടുപോകുന്ന തോണിപോലെയാണ്. ഇവിടെ വിശ്വസം ക്ഷയിക്കുകയല്ല വേത്, സഭവിട്ടുപോകുയുമല്ല വേ്. മറിച്ച് ഇതാണ് ക്രൈസ്തവന്റെ ജീവിതമെന്ന് തിരിച്ചറിയുക. യേശു കൂടെയുള്ള പ്പോൾ നാം സുരക്ഷിതരാണ്. യേശുവിനോടൊപ്പമുള്ള യാത്ര സുരക്ഷിതവും ശാന്തവുമായി രിക്കണമെന്നില്ല. പക്ഷെ ജീവിതത്തോണി തിരമാലകൾക്കിടയിൽപ്പെടാൻ അവിടുന്ന് ഒരി ക്കലും അനുവദിക്കില്ല.

ഫാ. ജോസഫ് കോയിക്കൽ